കേരളത്തിലെ ഒറ്റ വ്യവസായംപോലും പൂട്ടേണ്ടിവരില്ല. വൈദ്യുതി ഇല്ലാത്തതിന്റെ പേരിൽ കേരളത്തിൽ ഉല്പാദന നഷ്ടം ഒരു മാസത്തിൽ അഞ്ഞൂറു കോടി രൂപ എന്ന തോതിൽ സംഭവിച്ചിട്ടുണ്ട്. വ്യവസായങ്ങൾക്ക് പവർകട്ട് ഏർപ്പെടുത്തിയതിന്റെ ഫലമായി കേരളത്തിൽ ഒരു വർഷം മൂവായിരത്തിലധികം രൂപ ഉൽപ്പാദനനഷ്ടം ഉണ്ടായിട്ടുണ്ട്. ആ കാലത്തിലേക്ക് കേരളം ഒരിക്കലും തിരിച്ചുപോകുകയില്ല. ഉല്പാദന വർദ്ധനവിന്റെ ഫലമായി വരുന്ന ചെലവിന്റെ പേരിൽ ഏതെങ്കിലും വ്യവസായസ്ഥാപനം പൂട്ടേണ്ടിവരുന്ന സാഹചര്യമുണ്ടാവുകയില്ല എന്ന് ഗവൺമെന്റിനുവേണ്ടി വ്യക്തമാക്കുന്നു.

(2) കൽമട തൊഴിലാളികൾ നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : സർ, കരിങ്കൽ ക്വാറികളിൽ പണിയെടുക്കുന്ന ഒരുലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിൽ ലൈസൻസില്ലാത്ത കരിങ്കൽക്വാറികളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവന് പരിരക്ഷയോ മറ്റു വ്യവസ്ഥാപിത സഹായങ്ങളോ ലഭിക്കുന്നില്ല. ആ തൊഴിലാളികൾ പണിയെടുത്തുകൊണ്ടിരിക്കുമ്പോൾ അപകടങ്ങളുണ്ടായാലോ അംഗവൈകല്യങ്ങൾ സംഭവിച്ചാലോ അവർക്കു പരിരക്ഷ നൽകുന്ന ഒരു നടപടിയും കേരളത്തിൽ ഇല്ല. കേരളത്തിൽ ലൈസൻസുള്ള ക്വാറികൾ വളരെ കുറവാണ്. ലൈസൻസില്ലാത്ത ക്വാറികളാണ് കൂടുതലുമുള്ളത്. ഒരുലക്ഷത്തിലേറെ തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നുണ്ട്. ലൈസൻസുള്ള ക്വാറികളിലെ തൊഴിലാളികളെ മാത്രമേ അംഗീകരിക്കാൻ കഴിയൂ എന്ന തീരുമാനം ഗവൺമെന്റ് കൈക്കൊള്ളേണ്ടിവരുമ്പോൾ കരിങ്കല്ലിന്റെയും മറ്റും വില ഇരട്ടിയാകും. കടൽഭിത്തി കെട്ടുന്നതിനും കായൽ നികത്തുന്നതിനും റോഡ് ടാർ ചെയ്യുന്നതിനും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കുമെല്ലാം ഉപയോഗിക്കുന്ന മുഖ്യ സാധനമായ മെറ്റലും റബിളും ഉപയോഗിക്കാതെ ഒരു നിർമ്മാണപ്രവർത്തനവും നടക്കുന്ന സ്ഥിതിവിശേഷമില്ല. പക്ഷേ ഈ രംഗത്ത് പണിയെടുക്കുന്ന ഒരുലക്ഷത്തിലേറെ തൊഴിലാളികളുടെ സ്ഥിതി എന്ത് എന്ന് പരിശോധിക്കാൻ നാം മുതിർന്നിട്ടുണ്ടോ എന്ന കാര്യം ആലോചിക്കേണ്ടതാണ്. വേണമെങ്കിൽ ഗവൺമെന്റിന് പറയാം. നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ അവരെ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ് എന്ന്. വഴിവക്കത്തു നിൽക്കുന്ന ആരെങ്കിലും വണ്ടി ഇടിച്ചു മരിച്ചാൽ, ആത്മഹത്യ ചെയ്യണമെന്ന് തീരുമാനിച്ചുകൊണ്ട് ആ ആത്മഹത്യ വണ്ടിയിടിച്ചുകൊണ്ടാകട്ടെ എന്നു തീരുമാനിച്ച് വണ്ടിയിടിച്ചു മരിച്ചാലും മോട്ടോർ ആക്സിഡന്റ് ക്ലെയിമിൽപ്പെടുത്തി ലക്ഷക്കണക്കിന് രൂപ അയാളുടെ കുടുംബത്തിനു നൽകും. എൺപതും നൂറും അടി താഴ്ചയുള്ള കരിങ്കൽ ക്വാറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾ വലിയ റബിളുകൾ തലയിൽ വന്നിടിച്ചു മരിച്ചാലോ നൂറും എൺപതും അടി താഴ്ചയുള്ള കരിങ്കൽ ക്വാറികളിൽ വടംകെട്ടി മുകളിലേയ്ക്കു കയറുമ്പോൾ വടം പൊട്ടിവീണ് മരിച്ചാലോ അവരുടെ കുടുംബത്തിനു യാതൊരു പരിരക്ഷയുമില്ല. കരിങ്കൽ ക്വാറികളിലെ വടം പൊട്ടി വീണ് എത്ര തൊഴിലാളികൾ മരിച്ചിട്ടുണ്ട് എന്നുള്ളതിന്റെ കണക്ക് ഗവൺമെന്റിന് ലഭിക്കാൻ പ്രയാസമില്ല. ഒരു പാറമടയിൽത്തന്നെ രണ്ടും മൂന്നും നാലും അഞ്ചും ആളുകൾ മരിച്ച ചരിത്രമുണ്ട്. പക്ഷേ അവർ ഇന്ന കാരണംകൊണ്ടാണ് മരിച്ചത് എന്നുപറഞ്ഞാൽ ആ ക്വാറി അടച്ചിടാനുള്ള നിയമമാണ് ഇന്ന് നമ്മുടെ രാജ്യത്തുള്ളത്. കരിങ്കൽ ക്വാറികളിൽ അപകടങ്ങളുണ്ടായി എന്നുപറയാൻ ആരും മെനക്കെടാറില്ല. കാരണം ലൈസൻസില്ലാത്ത ക്വാറിക

LIBRARY ARCHIVES Kerala Legislative Assembly

ളിൽ അപകടം സംഭവിച്ചിട്ടുണ്ടെങ്കിൽ എക്സ്പ്ലോസീവ്സ് ആക്ട് അനുസരിച്ചും മൈനിംഗ് ആന്റ് ജിയോളജി ആക്ട് അനുസരിച്ചും ആ ക്വാറികൾ പൂട്ടുകയും ഉടമസ്ഥരുടെ പേരിൽ ക്രിമിനൽ കേസ്സുകളെടുക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് ഇന്ന് നിലവിലുള്ളത്. ആ നിയമങ്ങൾ ഒന്നും പരിപാലിക്കേണ്ടതില്ല എന്നല്ല ഞാൻ പറയുന്നത്. പക്ഷേ നിർമ്മാണരംഗത്ത് പണിയെടുക്കുന്ന പതിനായിരക്കണക്കിനു തൊഴിലാളികളുടെ ജീവനും രക്ഷയ്ക്കും ആവശ്യമായ പരിരക്ഷ നൽകേണ്ട ബാദ്ധ്യത ഗവൺമെന്റിനില്ലേ? ബഹുമാന്യനായ ടി.കെ. രാമകൃഷ്ണൻ 'കല്ലിലെ തീപ്പൊരികൾ' എന്ന ഒരു നോവൽ പത്തു നാൽപ്പതു വർഷങ്ങൾക്കു മുൻപ് എഴുതിയിട്ടുണ്ട്. ആ നോവലിൽ കരിങ്കൽ തൊഴിലാളികൾ അനുഭവിക്കുന്ന യാതനകളുടെയും വേദനകളുടേയും ദുഃഖകരമായ അവസ്ഥയും അവരുടെ ജീവത്യാഗങ്ങളും ചിത്രീകരിച്ചിട്ടുണ്ട്. പക്ഷേ ചരിത്രസത്യങ്ങളായിത്തന്നെ അവരുടെ കഷ്ടതകൾ ഇന്നും നിലനിൽക്കുന്നു. അവരെ പരിരക്ഷിക്കാനുള്ള യാതൊരു നടപടിയും കൈക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റ് ചില സ്ഥലങ്ങളിൽ പാറ കുഴിക്കുന്നതിന് അനുമതി കൊടുക്കുന്നുണ്ട്. പാറ കുഴിക്കുന്നതിനു അനുമതി കൊടുക്കുമ്പോൾ ഒരു നിശ്ചിത റേറ്റ് വാങ്ങി സർക്കാരിലേക്ക് മുതൽകൂട്ടുന്നതിനല്ലാതെ ആ തൊഴിലാളികളുടെ പരിരക്ഷയ്ക്ക് ആവശ്യമായ യാതൊരു സംവിധാനവുമില്ല. നിർമ്മാണതൊഴിലാളി ക്ഷേമനിധിയിൽ ചേർന്നാൽപ്പോലും ഇവർക്ക് കാര്യമായ പരിരക്ഷ ലഭിക്കുന്ന ഒരു സമ്പ്രദായം ഇന്ന് കേരളത്തിൽ നിലവിലില്ല. കരിങ്കല്ലുപോലെ പരുപരുത്തതും ദുഷ്കരവും വേദനാജനകവുമായിട്ടുള്ള അനുഭവമാണ് ക്വാറിതൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ എത്രയോ കരിങ്കൽ ക്വാറികളിൽ പണിയെടുത്ത്, യാതൊരു സാമ്പത്തികസഹായവും ലഭിക്കാതെ നിയമപരമായ യാതൊരു ആനുകൂല്യവും ലഭിക്കാതെ തൊഴിലാളികൾ കഷ്ടപ്പെടുന്നു. മണിസൗധങ്ങൾ പടുത്തുയർത്തുന്നതിന് അടിസ്ഥാനശിലയിലിടുന്നത് ഈ പാവപ്പെട്ട തൊഴിലാളികളാണെന്ന വസ്തുത അംഗീകരിച്ചുകൊണ്ട് അവരെ പരിരക്ഷിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

[10.A.M]

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, കേരളത്തിലെ കരിങ്കൽക്വാറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾ 1948-ലെ മൈൻസ് ആക്ടിന്റെ പരിധിയിൽ വരുന്നവരാണ്. അവർക്ക് ആ ആക്ടുപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും പരിരക്ഷയ്ക്കും അർഹതയുണ്ട്. ഈ നിയമത്തിൽ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ മറ്റ് തൊഴിൽ നിയമങ്ങളിലെന്നപോലെതന്നെ വിശദമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്ര തൊഴിൽ വകുപ്പുമുഖേനയാണ് ഈ നിയമം നടപ്പിലാക്കുന്നത്. കൂടാതെ ക്വാറികളിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികളും 1923-ലെ വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ടിന്റെ പരിധിയിൽ വരുന്നവരാണ്. ക്വാറികളിൽ പണിയെടുക്കുമ്പോൾ അപകടം സംഭവിച്ചാൽ പ്രസ്തുത നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ അവർക്കും ലഭിക്കുന്നതാണ്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് (ക്വാറികളിൽ പണിയെടുക്കുന്ന തൊഴിലാളികളുൾപ്പെടെ) ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. കൂടാതെ കല്ലുടയ്ക്കൽ, കല്ല് പൊട്ടിക്കൽ, കെട്ടിടങ്ങളുടെയും റോഡുകളുടേയും നിർമ്മാണവും അറ്റകുറ്റപ്പണികളും തുടങ്ങിയ തൊഴിൽമേഖലകളിൽ മിനിമം വേതനം പുതുക്കി

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിക്കുന്നതിന് ഒരു മിനിമം വേതന കമ്മിറ്റിയെ നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ശ്രീ. എം.പി. വർഗ്ഗീസ് : ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് പരിശോധിക്കുന്നതിനും പഠിക്കുന്നതിനും വേണ്ടി ഒരു കമ്മിഷനെ നിയോഗിച്ചുകൊണ്ട് അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അത് നേരത്തെ ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തി പരിശോധിച്ചിട്ടുണ്ട്. അതിന് ലേബർ കമ്മീഷണറുടെ റിപ്പോർട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം നടപടികളൊക്കെ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുള്ളത്.

അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ

ശ്രീ. പി. വിശ്വൻ : സർ, ആനുകാലികമായി വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഈ സഭയുടെ മുൻപിൽ കൊണ്ടുവരാനാഗ്രഹിക്കുന്നത്. ..... (ബഹളം) .....

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷനെ സംബന്ധിച്ച് എനിക്ക് ഒരു കുറിപ്പ് തന്നു. റൂൾ 50 അനുസരിച്ചുള്ളത് സബ്മിഷനായി കൊടുക്കണമെന്ന് പറഞ്ഞു. വാസ്തവത്തിൽ അത് സഭയിൽ വന്ന വിഷയമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് അത് ഒരു സബ്മിഷനായി ഉന്നയിക്കാം. .....(ബഹളം) .....

ശ്രീ. കെ.എം. മാണി : സർ, ...

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഒരു പോയിന്റ്ഓഫ് ഓർഡർ. ഇത് അങ്ങ് പരിശോധിക്കണം. റൂൾ അനുസരിച്ച് ഒരു സഭാസമ്മേളനത്തിൽ മൂന്നുനാലുതവണ ഉന്നയിച്ച ഒരു പ്രശ്നത്തെ സംബന്ധിച്ച്, ഇന്നലെ കാളിംഗ് അറ്റൻഷൻ ആയി ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച്, ഇന്ന് വീണ്ടും സബ്മിഷൻ. ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഇത് എല്ലാ കീഴ്വഴക്കങ്ങളുടേയും പരസ്യമായ ലംഘനമാണ് എന്ന് പറയുന്നതിൽ എനിക്ക് ദുഃഖമുണ്ട്. ഇന്നലെ പറഞ്ഞതാണ്. ഇന്നലെ ഞാൻ പ്രസംഗത്തിന്റെ അവസാനം വാക്ക് കൊടുത്തതാണ്. വിശദമായി ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞതാണ്. ബഹുമാനപ്പെട്ട മോൻസ് ജോസഫ് ഇന്നലെ ഇത് റെയിസ് ചെയ്തതാണ്. അത് ഈ രീതിയിൽ കൊടുക്കുന്നത് ദുഃഖകരമാണ്. It will be a dark day for our State. ..... (തടസ്സം) .....

ശ്രീ. കെ.എം. മാണി : സർ, അങ്ങ് എന്നെ അനുവദിച്ചു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു ക്രമപ്രശ്നമുന്നയിച്ചത് നാം കേട്ടു. ഇവിടെ ഇതെല്ലാം പരിശോധിച്ചുകൊണ്ടാണ് സഭാനടപടികൾ നടത്തുന്നത്. അതുകൊണ്ടുതന്നെ സാധാരണ ഒരു നീണ്ട സെഷനാണെങ്കിൽ അവസാനത്തെ ദിവസം അടിയന്തിരപ്രമേയം ലിബറലായിട്ട് അനുവദിക്കുന്ന പതിവുണ്ട്. അതിലൊന്നും യാതൊരു റെസ്ട്രിക്ഷനും കൊണ്ടുവരാറില്ല. ഇന്ന് ഒരു കാരണവശാലും അത് അടിയന്തിരപ്രമേയമായി പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ടാണ് ചെയർ അനുവദിക്കാത്തത്. അത് അദ്ദേഹത്തെ ബോധ്യപ്പെടുത്തി. ശ്രീ. കെ.എം. മാണിയെപ്പോലെ വളരെ സീനിയറായിട്ടുള്ള ഒരാൾ ഇൻസിസ്റ്റ് ചെയ്യാനും പാടില്ല. അത് സഭയിൽ പറഞ്ഞു. അത് ആ രൂപത്തിൽ ഒഴിവാക്കിയതാണ്. അതാണ് അതിന്റെ പശ്ചാത്തലം. സാധാരണ അടിയന്തിര പ്രമേയമെന്നു പറയുമ്പോൾ, ഒരു ഇഷ്യൂ

LIBRARY ARCHIVES Kerala Legislative Assembly

റബ്ബറിന്റെ വിലയിടിവുതന്നെ. അതിലെ ഏതെങ്കിലും ഭാഗീകമായിട്ടുള്ള ഒരു പ്രശ്നം സബ്മിഷനായിട്ട് ഉന്നയിക്കണമെങ്കിൽ അപാകതയൊന്നുമില്ല. പക്ഷേ ഈ പ്രശ്നത്തിൻമേൽ അടിയന്തിര പ്രമേയത്തിന് ഒരു സ്കോപ്പുമില്ലെന്നുള്ള കാര്യം പരിപൂർണ്ണമായും ചെയർ റൂൾ ഔട്ട് ചെയ്യുന്നു. അടിയന്തിര പ്രമേയത്തിന്റെ ഒരു നോട്ടീസ് ചെയറിന് ലഭിച്ചുകഴിഞ്ഞാൽ സാധാരണ നമ്മുടെ നടപടിക്രമമനുസരിച്ച് അത് മെൻഷൻ ചെയ്യാൻ ഇവിടെ അനുവദിക്കാറുണ്ട്. ..... (തടസ്സം) ..... ചെയർ പറയുന്നത് കേൾക്കുക. എന്നാൽ ആ പരിഗണനയിലും അദ്ദേഹത്തിന്റെ അടിയന്തിര പ്രമേയം ചെയർ പരിഗണിച്ചില്ല. ഇന്ന് സഭ അവസാനിക്കുന്ന ദിവസമാണ്. ഇനി ഈ വിഷയം അടുത്ത കാലത്തൊന്നും ഉന്നയിക്കാൻ യാതൊരു നിർവ്വാഹവുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എനിക്ക് ഒരു കത്തും നൽകിയിട്ടുണ്ട്. കാരണം എന്തെങ്കിലുമൊരു പ്രശ്നം ഈ സഭയിൽ പറയണമെങ്കിൽ മറ്റൊരു അവസരവുമില്ല. ഇതെല്ലാംകൂടി പരിഗണിച്ചുകൊണ്ട് ചെയറിന്റെ അധികാരപരിധിയിൽവരുന്ന കാര്യമെന്നുള്ള നിലയിൽ, ആ ഒരു കാര്യം ഉന്നയിക്കുന്നതിനു വേണ്ടി മാത്രമാണ് അനുവദിക്കുന്നത്. അതിനെ ആരും ചോദ്യം ചെയ്യാൻ പാടില്ല. അതിനുവേണ്ടി മാത്രമാണ്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ബഹുമാനപ്പെട്ട ശിവദാസമേനോൻ പറഞ്ഞത് ഈ ദിവസം നിയമസഭയുടെ ചരിത്രത്തിൽ കറുത്ത ദിനമെന്നാണ്. അത് രേഖയിൽ കാണുമോ?

<u>മി. സ്പീക്കർ</u> : അത് അദ്ദേഹം പറഞ്ഞുവെന്ന് ചെയർ വിശ്വസിക്കുന്നില്ല. അത് അദ്ദേഹം പറഞ്ഞിട്ടുണ്ടെങ്കിൽ രേഖയിലുണ്ടാകാനും പാടില്ല. അദ്ദേഹത്തെപ്പോലുള്ള ഒരാൾ അങ്ങനെ പറയുകയില്ല. പറഞ്ഞിട്ടുണ്ടെങ്കിൽ രേഖയിലുണ്ടാകാനും പാടില്ല.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, ഞാൻ പറഞ്ഞത് തെറ്റിദ്ധരിക്കരുത്. ഇന്നലെ മൂന്നുനാലു പ്രാവശ്യം ഡിസ്കസ് ചെയ്ത ഒരു കാര്യം രണ്ടാമത് കൊടുത്തിട്ടുണ്ടെങ്കിൽ അത് നമ്മുടെ പ്രൊസീഡ്യൂവറിന്റെ കറുത്ത ദിനമായിരിക്കുമെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ അത് പിൻവലിക്കുന്നു.

III. സബ്മിഷൻ

(1) റബ്ബറിന്റെ വിലയിടിവ്

<u>ശ്രീ. കെ.എം. മാണി</u> : സർ, സംസ്ഥാനത്തിലെ ഒൻപത് ലക്ഷം റബ്ബർ കൃഷിക്കാരുടെ കണ്ണുനീർ കാണാൻ കഴിയാത്ത ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാടാണ് കറുത്ത ദിനം. ഇവിടെ ഒരുപാട് ചർച്ച നടന്നുവെന്നാണ് പറയുന്നത്. കഴിഞ്ഞ മൂന്നു വർഷമായി 1996 മുതൽ ഈ സഭയിൽ ഇടയ്ക്കിടെ പീരിയോഡിക്കലായി ഈ ചർച്ച നിരവധി പ്രാവശ്യം വരികയുണ്ടായി. എന്തുകൊണ്ട് എന്നും ചർച്ചചെയ്യുന്നു? ഇതുവരെ ചർച്ചചെയ്തിട്ട് റബ്ബറിന്റെ വിലയിടിവിനെ പ്രതിരോധിക്കാൻ ഗവൺമെന്റ് ഫലപ്രദമായ നടപടിയെടുത്തില്ലെന്നുള്ളതാണ് വാസ്തവം. അതാണ് ഞങ്ങൾ വീണ്ടും സബ്മിഷനുമായി ഇവിടെ നിൽക്കാൻ കാരണം.

<u>മി. സ്പീക്കർ</u> : അങ്ങ് വീണ്ടും അത് പരാമർശിക്കേണ്ട കാര്യമില്ല. പുതുതായി എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയുക.

LIBRARY ARCHIVES Kerala Legislative Assembly